# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 611

31/10/2016 ൽ മറുപടി

### വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിന്റെ പ്രവർത്തന ചട്ടങ്ങളിൽ മാറ്റമെന്തെങ്കിലും വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിന്റെ പ്രവർത്തന ചട്ടങ്ങളിൽ സർക്കാർ തലത്തിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും വിവിധ വിധികളുടെയും ബഹു.ഗവർണർ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച സിറോ ടോളറൻസ് റ്റു കറപ്ഷൻ എന്ന സർക്കാർ നയത്തിന്റെയും അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പിന്റെ സുഗമമായ നടത്തിപ്പിനായി കാലോചിതമായ സർക്കുലറുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | വിജിലൻസ് സ്റ്റേഷനോടനുബന്ധിച്ച് ലോക്കപ്പ് സംവിധാനം, അഴിമതിക്കുറ്റങ്ങളെ മഞ്ഞ, ചുമപ്പ് എന്നീ നിറങ്ങളിൽ ക്ലാസ്സിഫൈ ചെയ്യൽ എന്നീ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) | വിജിലൻസ് സ്റ്റേഷനോടനുബന്ധിച്ച് ലോക്കപ്പ് സംവിധാനത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. അഴിമതിക്കുറ്റങ്ങളെ നിറങ്ങളിൽ ക്ലാസ്സിഫൈ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. |

സി) രാഷ്ട്രീയ ഔദ്യോഗിക വിരോധങ്ങളുടെ പേരിലും സോഷ്യൽ മീഡിയയിലൂൾപ്പെടെയുള്ള പബ്ലിസിറ്റിക്കു വേണ്ടിയും വിജിലൻസ് സംവിധാനം ദുരുപയോഗം ചെയ്യുന്ന പ്രവണത തടയാൻ പ്രാപ്തമായ പരിഷ്കാരങ്ങൾ ആ വകുപ്പിൽ വരുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

സി) വിജിലൻസ് സംവിധാനം ദുരുപയോഗം ചെയ്യുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അഴിമതിനിരോധന നിയമങ്ങളെ പറ്റിയും അഴിമതിയുടെ പ്രവന്റീവ് വിജിലൻസ് പ്രവർത്തനങ്ങൾക്ക് വേണ്ടിയും വിവിധ ജനവിഭാഗങ്ങളിൽ ബോധവത്ക്കരണം (Awareness Creation) വിജിലൻസിന്റെ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് നടത്തേണ്ടത് സർക്കാരിന്റെ സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന നയത്തിന്റെ വിജയത്തിന് ആവശ്യമായതിനാൽ അഴിമതി ബോധവത്ക്കരണം വളരെ ശക്തമായും വിപുലമായും നടത്തുന്നതാണ്.

Rashmi. T.

സെക്ഷൻ ഓഫീസർ